Draft #7 of File 42010/AC A1/3/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 24-Aug-2020 03:15 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ 2020-21 അദ്ധ്യയന വർഷം LLM (Commercial Law -15 seats, Criminal Law-15 seats) പ്രോഗ്രാമുകൾ സർക്കാരിന്റെ അനുമതിക്ക് വിധേയമായി ആരംഭിക്കുന്നതിനും, LLM (Maritime Law) പ്രോഗ്രാം നിലവിൽ സർവ്വകലാശാലയിൽ ഇല്ലാത്തതിനാൽ ടി പ്രോഗ്രാമിന്റെ സിലബസും റഗുലേഷനും അക്കാദമിക് കൗൺസിൽ അംഗീകരിച്ചതിനുശേഷം അപേക്ഷ പുന:സമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3809/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 24.08.2020

---

*പരാമർശം:*-1. ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് ഡയറക്ടർ 29.10.2019 തീയതി സമർപ്പിച്ച കത്ത് നം.SXC/CC/2019

2. സർവ്വകലാശാല ഉത്തരവ് നം.1998/ACA1/2020/എം.ജി.യു തീയതി 08.05.2020
3. കത്ത് നം. 42010/ACA1/3/2019/ACA1 തീയതി 05.06.2020
4. ചാൻസിലറുടെ ഓഫീസിൽ നിന്നും ലഭിച്ച കത്ത് നം.GS5-1613/2020 തീയതി 16.06.2020
5. സർവ്വകലാശാല ഉത്തരവ് നം.2872/ACA1/2020/എം.ജി.യു തീയതി 29.06.2020
6. ചാൻസിലറുടെ ഓഫീസിൽ നിന്നുള്ള വിജ്ഞാപനം.നം. GS5-163/2020 തീയതി 16.07.2020
7. 11.08.2020 തീയതി കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ ആൻഡ് അപ്രൂവൽ - ന്റെ ഇനം.നം.42010/ ACA1/3/2019 പ്രകാരമുള്ള തീരുമാനം
8. വൈസ്-ചാൻസിലറുടെ 17.08.2020 തീയതിയിലെ ഉത്തരവ്

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ ലോ കോളേജായ ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ 2020-21 അദ്ധ്യയന വർഷം 45 സീറ്റുകളോടുകൂടി LLM (Commercial Law-15 Seats, Criminal Law-15 Seats, Maritime Law-15 Seats) പ്രോഗ്രാം ആരംഭിക്കുന്നതിനായി ടി കോളേജ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷ നിയമാനുസൃതമായ തീയതിക്കുശേഷമാണ് സമർപ്പിച്ചിരുന്നത്.

പ്രസ്തുത അപേക്ഷ സർവ്വകലാശാല പരിഗണിക്കുകയും ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ 2020-21 അദ്ധ്യയന വർഷം 45 സീറ്റുകളോടുകൂടി LLM പ്രോഗ്രാം ആരംഭിക്കുന്നതിനായി പഠന-ഭൗതിക സാഹചര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി അന്വേഷണ കമ്മീഷനെ നിയമിച്ചുകൊണ്ടും സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കുന്നതിനായി ബഹു. ചാൻസിലർക്ക് അപേക്ഷ നൽകുവാൻ തീരുമാനിച്ചുകൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് 2020-21 അദ്ധ്യയന വർഷം L L M പ്രോഗ്രാം ആരംഭിക്കുന്നതിനായി സർവ്വകലാശാലയിൽ അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം മാപ്പാക്കണമെന്ന് പരാമർശം ( 3 ) പ്രകാരം ബഹു. ചാൻസിലറോട് അപേക്ഷിച്ചിരുന്നു. പ്രസ്തുത കത്തിൽ ടി കോളേജിന്റെ അപേക്ഷ പരിഗണിക്കുന്നതിനുള്ള സമയ പരിധി സൂചിപ്പിച്ചിരുന്നില്ല. ആയതിനാൽ ടി അപേക്ഷ പരിഗണിക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കുവാനും ആയത് നിശ്ചയിച്ചു കൊണ്ടുള്ള സിൻഡിക്കേറ്റ് തീരുമാനം അല്ലെങ്കിൽ സർവ്വകലാശാല ഉത്തരവ് സമർപ്പിക്കുവാനും ചാൻസിലറുടെ ഓഫീസ് പരാമർശം (4) പ്രകാരം നിർദ്ദേശിച്ചിരുന്നു.

ടി വിഷയം സർവ്വകലാശാല പരിശോധിക്കുകയും ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് സമർപ്പിച്ചിട്ടുള്ള അപേക്ഷ പരിഗണിക്കുന്നതിനുള്ള തീയതി 31.07.2020 വരെ ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം ബഹു. ചാൻസിലറോട് അഭ്യർത്ഥിക്കുകയും ചെയ്തു.

അതിന്റെ അടിസ്ഥാനത്തിൽ ബഹു. ചാൻസിലർ, ആലുവ ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് സമർപ്പിച്ച അപേക്ഷ സിൻഡിക്കേറ്റ് പരിഗണിക്കുന്നതിനായുള്ള സമയം 31.07.2020 വരെ ദീർഘിപ്പിച്ചു കൊണ്ട് പരാമർശം (6) വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു.

ആലുവ ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ LLM പ്രോഗ്രാം ആരംഭിക്കുന്നതിനായി പഠന ഭൗതിക സാഹചര്യങ്ങൾ ക്രമീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി നിയമിതമായ പരിശോധനാ സമിതി ടി കോളേജ് സന്ദർശിക്കുകയും പഠന-ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമായതിനാൽ LLM പ്രോഗ്രാം ആരംഭിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

11.08.2020 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി അഫിലിയേഷൻ & അപ്രൂവൽ പരാമർശം (7) പ്രകാരം ടി റിപ്പോർട്ട് അംഗീകരിക്കുന്നതിനും ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ 2020-21 അദ്ധ്യയന വർഷം LLM (Commercial Law -15 Seats, Criminal Law-15 Seats) പ്രോഗ്രാമുകൾ സർക്കാരിന്റെ അനുമതിക്ക് വിധേയമായി ആരംഭിക്കുന്നതിനും LLM (Maritime Law) പ്രോഗ്രാം നിലവിൽ സർവ്വകലാശാലയിൽ ഇല്ലാത്തതിനാൽ ടി പ്രോഗ്രാമിന്റെ സിലബസും റഗുലേഷനും അക്കാദമിക് കൗൺസിൽ അംഗീകരിച്ചതിനുശേഷം അപേക്ഷ പുന:സമർപ്പിക്കുവാനും ശുപാർശ ചെയ്തു.

മേൽ ശുപാർശ പരാമർശം (8) അനുസരിച്ച്, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം 17.08.2020 തീയതിയിൽ വൈസ്-ചാൻസിലർ അംഗീകരിച്ചിരിക്കുന്നു.

തദനുസരണം, ആലുവ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ 2020-21 അദ്ധ്യയന വർഷം LLM - Commercial Law -15 Seats, Criminal Law -15 Seats എന്നീ പ്രോഗ്രാമുകൾ സർക്കാരിന്റെ അനുമതിക്ക് വിധേയമായി ആരംഭിക്കുന്നതിനും LLM (Maritime Law) പ്രോഗ്രാമിന്റെ സിലബസും റഗുലേഷനും അക്കാദമിക് കൗൺസിൽ അംഗീകരിച്ചതിനുശേഷം അപേക്ഷ പുന:സമർപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

Draft #7 of File 42010/AC A1/3/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 24-Aug-2020 03:15 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രിൻസിപ്പാൾ, ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ആലുവ
2. ഗവ.പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം
3. വൈസ്ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പി എസ്
4. രജിസ്ട്രാർ,ഫിനാൻസ് ഓഫീസർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ മാർ.

5.പി.ആർ.ഒ /കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ റെക്കോർഡ് സെക്ഷൻ

6.സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #7 of File 42010/AC A1/3/2019/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 24-Aug-2020 03:15 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം